# റിപ്പബ്ലിക് ഓഫ് ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഡിസംബർ 01, 2023

1 .2023 ഡിസംബർ 1-ന് UAE-യിൽ നടക്കുന്ന COP-28 ഉച്ചകോടിയുടെ ഭാഗമായി റിപ്പബ്ലിക് ഓഫ് ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ശ്രീ. ഷവ്കത് മിർസിയോയെവിനെ സന്ദർശിച്ചു.

2. വോയ്സ് ഓഫ് ഗ്ലോബൽ സൗത്ത് ഉച്ചകോടിയിൽ ഉസ്ബെക്കിസ്ഥാന്റെ പങ്കാളിത്തത്തിന് പ്രധാനമന്ത്രി പ്രസിഡന്റ് മിർസിയോയേവിന് നന്ദി പറഞ്ഞു.

3. ആരോഗ്യം, വിദ്യാഭ്യാസം, ഫാർമസ്യൂട്ടിക്കൽസ്, പരമ്പരാഗത വൈദ്യശാസ്ത്രം എന്നീ മേഖലകളിൽ തങ്ങളുടെ വിശാലമായ ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കുന്നത് സംബന്ധിച്ച് ഇരു നേതാക്കളും കാഴ്ചപ്പാടുകൾ കൈമാറി. ഉസ്ബെക്കിസ്ഥാനുമായുള്ള നമ്മുടെ വികസന പങ്കാളിത്തം വിപുലീകരിക്കുന്നതിന് ഇന്ത്യയുടെ പിന്തുണയും പ്രധാനമന്ത്രി ഉറപ്പുനൽകി.

**ദുബായ്**
**ഡിസംബർ 01, 2023**